അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ

100 (1855) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കഴിഞ്ഞ വർഷം അഴിമതിയുമായി ബന്ധപ്പെട്ട എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

197 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വിജിലൻസിന്റെ സർപ്രൈസ് പരിശോധനകൾ

101 (1856) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് കഴിഞ്ഞ കൊല്ലം വിജിലൻസ് വകുപ്പ് എത്ര സർപ്രൈസ് ചെക്കുകൾ നടത്തിയിട്ടുണ്ട് ; അവ എവിടെയെല്ലാമാണ് ; ഇതിലെ കണ്ടെത്തലുകൾ എന്തെല്ലാം എന്നു വിശദമാക്കുമോ ?

ഉത്തരം

"428" സർപ്രൈസ് ചെക്കുകൾ നടത്തിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ, ചെക്ക് പോസ്റ്റുകൾ, പൊതുമരാമത്ത്, ഇറിഗേഷൻ, രജിസ്ട്രേഷൻ ഓഫീസുകൾ, ഡ്രഗ്സ് കൺട്രോളറുടെ ഓഫീസുകൾ, ലീഗൽ മെട്രോളജി ഓഫീസ്, ഗ്രാനൈറ്റ് ക്വാറികൾ എന്നിവിടങ്ങളിലാണ് സർപ്രൈസ് ചെക്ക് നടത്തിയത്. സാമ്പത്തിക ക്രമക്കേടുകൾ, രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കാതിരിക്കുക, അനധികൃതമായി പണം സൂക്ഷിക്കുക, സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ കാലതാമസം വരുത്തുക, വിവിധ നിർമ്മാണ പ്രവർത്തനങ്ങളിലുള്ള അപാകതകൾ, അനധികൃത മണൽ ഖനനം, കരിങ്കൽ ഖനനം എന്നിവയാണ് പ്രധാനമായും കണ്ടെത്തിയ ക്രമക്കേടുകൾ.

വിജിലൻസ് കേസുകൾ

102 (1857) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര വിജിലൻസ് കേസുകൾ തീർപ്പാക്കാതെ ഉണ്ടായിരുന്നു ;

(ബി) ഇതിൽ ഇപ്പോൾ എത്ര എണ്ണത്തിന് തീർപ്പു കൽപ്പിച്ചു :

LIBRARY ARCHIVES Kerala Legislative Assembly